തന്ത്രശാസ്ത്രത്തിന്റെ പ്രസക്തി:'കുഴിക്കാട്ടുപച്ച' എന്ന താന്ത്രിക ഗ്രന്ഥത്തെ ആസ്പദമാക്കി ഒരു പഠനം

ക്ഷേത്ര താന്ത്രികത വിവരിക്കുന്ന 'കുഴിക്കാട്ടുപച്ച' എന്ന ഗ്രന്ഥത്തെ മുൻനിർത്തിയുള്ള ഗവേഷണമാണ് തന്ത്രശാസ്ത്രത്തിന്റെ പ്രസക്തി: 'കുഴിക്കാട്ടു പച്ച' എന്ന താന്ത്രികഗ്രന്ഥത്തെ ആസ്പദമാക്കി ഒരു പഠനത്തി'ലൂടെ ചെയ്യുന്നത്. തന്ത്രശാസ്ത്രത്തിന്റെ വികാസപരിണാമങ്ങളെയും, അന്തർവൈജ്ഞാനിക മേഖലയി ലുള്ള പഠന പ്രാധാന്യത്തെയും ഇതിൽ അന്വേഷിക്കുന്നുണ്ട്. പ്രധാനമായും നാല് അദ്ധ്യായങ്ങളായി പഠനങ്ങൾ വേർതിരിച്ചിരിക്കുന്നു. ആദ്യ അധ്യായത്തിൽ തന്ത്ര ശാസ്ത്രത്തിന്റെ ചരിത്രത്തെയും സംസ്കാരത്തെയും വിശകലനം ചെയ്യുന്നുണ്ട്. യഥാക്രമം രണ്ടും മൂന്നും അധ്യായങ്ങൾ കുഴിക്കാട്ടുപച്ചയുടെ ഭാഷാ - അധികാര പ്രത്യേകതകളും, രചനയിലെ തത്ത്വങ്ങളും ചർച്ചചെയ്യുന്നു. നാലാം അധ്യായത്തി ലാണ് വൈജ്ഞാനിക സൈദ്ധാന്തികമേഖലകളുമായി കൃതിയെ ബന്ധപ്പെടുത്തു ന്നത്.

ഭാരതീയ സംസ്കാരത്തിന്റെ ഭാഗമാണ് 'തന്ത്രശാസ്ത്രം' ക്ഷേത്രങ്ങളെ നിലനിർത്തുന്നതിൽ ഈ ശാസ്ത്രത്തിന് വളരെ പങ്കുണ്ട്. ഉപാസനയുടെ ഭാഗമാ യിട്ടാണ് തന്ത്രശാസ്ത്രം ഭാരതത്തിൽ നിലയുറപ്പിച്ചത്. ചരിത്രാതീതകാലം മുതൽ പ്രസക്തിയോടെ തന്ത്രശാസ്ത്രം നിലനിന്നിരുന്നു. ദേശത്തിന്റേയും, വംശീയതയു ടെയും അംശങ്ങൾ സ്വാംശീകരിച്ച് പരിവർത്തന വിധേയമായി വിശാലദർശനത്തെ സ്വീകരിച്ചാണ് തന്ത്രശാഖ വികസിച്ചത്. വിശ്വാസത്തിനുപരിയായി ക്രമീകൃതമായ അനുഷ്ഠാനം വഴി ജൈവ പ്രകൃതിയുമായുള്ള മനുഷ്യന്റെ സമരസപ്പെടൽ തന്ത്ര ശാസ്ത്രത്തിന്റെ അടിത്തറയാണ്. ശൈവഗോത്ര സങ്കൽപ്പത്തിൽ നിന്നും ഉരുത്തി രിഞ്ഞ താന്ത്രികത, അമ്മ ദേവതാരാധനയിലൂടെ പുഷ്ടിപ്പെട്ടു. ആര്യമതത്തിന്റെയും വൈദിക സംസ്കാരത്തിന്റെയും വികാസത്തിന് മുമ്പു തന്നെ ദ്രാവിഡ സംസ്കൃ തിയിൽ തന്ത്രം ബാഹ്യാഡംബരങ്ങളെ ത്യജിച്ച് സ്വത്വനിർണ്ണയ വിധേയത്വ ത്തോടെ വികസിച്ചു. ഗോത്രവർഗ്ഗത്തിന്റെ ചേഷ്ടാസംവേദനത്തിലും, ആശയപ്രകട നാത്മകമായ ശബ്ദസൂചകങ്ങളുടെ നിർമ്മിതിയിലും താന്ത്രികാംശങ്ങളുടെ പ്രഥമ ഘടന രൂപലാവണ്യത്തോടെ ചേർന്നിരുന്നു. തന്ത്രം കുലത്തൊഴിലായി സ്വീകരിച്ച വരാണ് 'തന്ത്രി'മാർ. ക്ഷേത്രത്തിലെ അനുഷ്ഠാനങ്ങളിലെയും ആരാധനയിലെയും അന്തിമവാക്ക് ഇദ്ദേഹത്തിന്റേതാണ്. വിഗ്രഹത്തിൽ സ്വന്തം ചൈതന്യത്തെ ആവാ ഹിച്ച് പ്രതിഷ്ഠിക്കുന്നതുകൊണ്ട്, പിതൃസ്ഥാനമാണ് തന്ത്രിക്കുള്ളതെന്ന് പറയപ്പെ ടുന്നു.

ശാരീരിക ധർമ്മങ്ങളെ പ്രതിപാദിക്കുന്ന ശാസ്ത്രമായതുകൊണ്ട് 'തനു' എന്ന വാക്കിൽ നിന്ന് തന്ത്രശബ്ദമുണ്ടായി. ഒപ്പം തന്നെ മന്ത്രങ്ങളുടെ സംഗീതാ

ത്മകതയാൽ 'തന്ത്രി'യെന്ന ശബ്ദവാചിയിൽ നിന്നും തന്ത്രമുണ്ടായി എന്നും പറയപ്പെടുന്നു. തന്ത്രങ്ങൾ അറുപത്തിനാലാണെന്നും അവ രചിച്ചത് ആത്രേയമുനിയാണെന്നും വിശ്വസിക്കുന്നു. ഭാരതത്തിൽ ശ്രുതി, സ്മൃതി, പുരാണം ഇവയ്ക്കു ശേഷം നാലാം സ്ഥാന മാണ് തന്ത്രത്തിനുള്ളത്.

ആചാരരീതിയിൽ വ്യത്യസ്തമാണ് തന്ത്രശാസ്ത്രം വേദാചാരം, വൈഷ്ണവാചാരം, ശൈവാചാരം, ദക്ഷിണാചാരം എന്ന് നാലു പ്രധാന ആചാരക്രമങ്ങൾ ഇതിൽ വിധിച്ചിരിക്കുന്നു. കേരളീയം, കാശ്മീരി, വിലാസം, ഗൗഢം എന്ന് നാലു തരം തന്ത്രങ്ങളാണ് ഭാരതത്തിലുള്ളത്. ആദ്യകാലത്ത് 'പഞ്ചോപാസന'കളായി തന്ത്രശാസ്ത്രം തിരിഞ്ഞു. വിഷ്ണു, ശിവൻ, ശക്തി, സൂര്യൻ, ഗണപതി എന്നീ അഞ്ചു ദേവതകളെ മുൻനിർത്തിയായിരുന്നു അത്. പിന്നീടിത് വൈഷ്ണവം, ശൈവം, ശാക്തേയം എന്നീ പ്രധാന മേഖലകളിലേക്ക് കേന്ദ്രീകരിച്ചു. 'പൂജ' എന്ന പ്രക്രിയയിലൂടെയാണ് തന്ത്രശാസ്ത്രം പ്രധാനമായും നിലനിൽക്കുന്നത്. ഒരു വിശിഷ്ടാതിഥിയെ ക്ഷണിച്ചുവരുത്തി സൽക്കരിച്ച് യാത്രയാക്കുന്ന സമ്പ്രദായത്തിന്റെ ആധിദൈവികമായ ആവിഷ്ക്കാരമാണ് ദേവപൂജ. ഇതിന്റെ ഉത്ഭവം ദ്വാപരയുഗത്തിലാണെന്ന് പറയപ്പെടുന്നു. പഞ്ചമഹായജ്ഞത്തിന്റെ ഹോമരൂപത്തിലുള്ള വേദയജ്ഞമാണ് വിഗ്രഹാരാധനയുമായി രൂപാന്തരപ്പെട്ടത്.

തന്ത്രകൗമുദി, ശക്തിസംഗമതന്ത്രം, രുദ്രയാമളതന്ത്രം, ബ്രഹ്മയാമളതന്ത്രം, കാളികാതന്ത്രം, കുളാർണവതന്ത്രം, മഹാനിർവാണതന്ത്രം, തന്ത്രതത്ത്വം, തന്ത്രസമുച്ചയം, ശേഷസമുച്ചയം, കുഴിക്കാട്ടുപച്ച എന്നിവയാണ് പ്രധാനപ്പെട്ട തന്ത്രഗ്രന്ഥങ്ങൾ. സൃഷ്ടി, പ്രളയം, ആരാധന, സാധനകൾ, ക്രിയകൾ, സിദ്ധികൾ, ധ്യാനം തുടങ്ങിയവ ഇവയിൽ പ്രതിപാദിക്കുന്നു. ദേവിഭാഗവതം, മത്സ്യപുരാണം തുടങ്ങിയ ഗ്രന്ഥങ്ങളിൽ വേദത്തിന്റെ ഭാഗമായിട്ടാണ് തന്ത്രത്തെ കരുതുന്നത്.

സാത്ത്വികം, രാജസം, താമസം എന്നീ മൂന്നു വിഭാഗങ്ങളിലായി തന്ത്രശാസ്ത്രം തിരിഞ്ഞിട്ടുണ്ട്. 'വാമചാര'ങ്ങൾ എന്നിറയപ്പെടുന്ന ക്രിയകൾ താമസസ്വഭാവമുള്ളതായിരിക്കും. ഇത് ചെയ്യുന്നവരെ, കാപാലികർ, കാലമുഖന്മാർ, പാശുപതന്മാർ. ഭാണ്ഡികേരന്മാർ, ദിംഗബരന്മാർ, ആഘോരന്മാർ, ചിനാചാരന്മാർ, കൗളാചാരന്മാർ എന്നിങ്ങനെയുള്ള പേരുകളിൽ വിളിക്കുന്നു. അവർ പഞ്ചമകാര പൂജ പ്രധാന ഘടകമായി അംഗീകരിക്കുന്നു. മദ്യം, മാംസം, മത്സ്യം, മുദ്ര, മൈഥുനം എന്നിവയാണ് പഞ്ച 'മ'കാരങ്ങൾ. ഈ ക്രിയകളെല്ലാം തന്നെ കാലദേശവ്യത്യാസമനുസരിച്ച് പരിണാമപ്പെട്ടിരിക്കുന്നു. ശിവൻ, പാർവ്വതിയ്ക്ക് ഉപദേശിച്ചുകൊടുത്ത തന്ത്രം, 'ആഗമം' എന്നും പാർവ്വതി ശിവന് വിവരിച്ചു നൽകുന്ന തന്ത്രം 'നിഗമം' എന്നും അറിയപ്പെടുന്നു.

പ്രകൃതിയും, മനുഷ്യനും തമ്മിലുള്ള വൈകാരികചേർച്ചയാണ് തന്ത്ര ശാസ്ത്രത്തിന്റെ അടിസ്ഥാനം. പ്രാപഞ്ചികതയിലുള്ള വിശ്വാസത്തിൽ അധിഷ്ഠിത മായി തന്ത്രം വികസിച്ചു. മതാത്മകമായി പരിണമിച്ചെങ്കിലും സമൂഹശ്രേണീബദ്ധ മായി തന്ത്രം പിന്നീട് മാറി. *വ്യഷ്ടി/സമഷ്ടി* ബോധനത്തിന്റെ ഇടപെടലുകളിൽ ദർശനാത്മകതയും അതിജീവനവും ആത്മസത്തയ്ക്ക് ഔന്നത്യമേകിയപ്പോൾ താന്ത്രികത കാലികപ്രസക്തിയുടെ രാഷ്ട്രീയവാക്യമായി പരിണമിച്ചു. സമൂഹവ്യവ സ്ഥയിലുള്ള മനുഷ്യന്റെ പ്രയാണഗതിയിൽ അവനിൽ സൃഷ്ടിക്കപ്പെട്ട ശബ്ദങ്ങളും, ആശയനിഷ്ഠമായ മർമ്മരങ്ങളും ദേവതാബോധനത്തിന്റെ ആരാധനാപദ്ധതിയി ലേക്ക് എത്തിച്ചു.

ശാരീരികവ്യവസ്ഥിതിയിൽ അന്തർലീനമായിരിക്കുന്ന പുഷ്ടി അഥവാ സത്തയെ ഉണർത്തുകയും ഉയർത്തുകയുംചെയ്ത് നവീനമായ ഭൂതിവിശേഷം പ്രാപ്തമാക്കു കയെന്ന ലക്ഷ്യം താന്ത്രികതയിൽ ഉരുത്തിരിഞ്ഞുവന്നത് ആത്മീയത ശാസ്ത്രത്തിൽ പ്രബലമായപ്പോഴാണ്. *തനു* (Physical) സംബന്ധിയായ കാര്യങ്ങൾ മനസ്സിലാക്കി ആത്മനിഷ്ഠാപരമായ പ്രയോഗത്തിലൂടെ ജ്ഞാനാർജ്ജനമെന്ന വിശാലാർത്ഥത്തിൽ 'ശരീര ധർമ്മ പ്രതിപാദകശാസ്ത്രം' എന്നും തന്ത്രം അറിയപ്പെടുന്നു. ജീവിതവുമായി ബന്ധപ്പെട്ട സംസ്കാരധാരയാണിത്.

''*തന്യതേ വിസ്താര്യതേ*

ജ്ഞാനം അനേനയിതി തന്ത്രം''[1]

അർത്ഥം: ജ്ഞാനം അഥവാ അറിവ് വ്യാപിക്കപ്പെടുന്നതുകൊണ്ട് ശാസ്ത്രത്തിന് തന്ത്രം എന്ന് പറയുന്നു.

''*സർവ്വേർത്ഥാ, യേന 'തന്യ'ന്തേ*

'ത്രാ'യന്തേ ച ഭയാജ്ജനാ:''[2]

ഐഹികതയിൽ നിന്ന് ജനത്തെ ത്രാണനംചെയ്യുന്ന ശാസ്ത്രം തുടങ്ങി നിരുക്തി യിൽ വ്യത്യസ്ത അർത്ഥങ്ങൾ കാണുന്നു. മന്ത്രങ്ങളുടെ സംഗീതശൈലീ ഭാവത്തിൽ നിന്ന് 'തന്ത്രി' എന്ന വാദ്യാർത്ഥമായിട്ടും 'തന്ത്ര'ശബ്ദത്തെ നിഷ്പാദിപ്പിച്ചു. താന്ത്രി കതയിലൂടെ ചൈതന്യാവസ്ഥ മനസ്സിലാക്കുകയും കുണ്ഡലിനി ഉണർത്തുകയും ജ്ഞാനസമ്പാദനത്തിലൂടെ ഐക്യം പ്രാപിക്കുകയും വേണമെന്ന് സർ ജോൺ വുഡ്രോഫ് വ്യക്തമാക്കുന്നു.[3]

> *'ദേവശക്തികളും, പ്രകൃതിശക്തികളുമായി ബന്ധപ്പെടാൻ സമൂഹ ജീവിയായ മനുഷ്യൻ നടത്തിയ ശ്രമത്തിന്റെ ഫലമായി തന്ത്രശാസ്ത്ര മുണ്ടായി'*

യെന്ന് ഡോ.ബി.സി.ബാലകൃഷ്ണൻ പറയുന്നു.[4] പ്രകൃതി-പുരുഷ ദ്വന്ദകല്പനയുടെ വ്യവസ്ഥയിൽ രൂഢമായിത്തീർന്ന ജ്ഞാനനിർവചനമാണ് തന്ത്രസാധനയുടെ അടിസ്ഥാനം. ആദിമജനതയുടെ ആവാസവ്യവസ്ഥയിൽ പരിസ്ഥിതി പ്രതിഭാസത്തിന്റെ സ്വാധീനം, ചിന്തകളെ പുനർവചിച്ചു. നിയന്ത്രണവിധേയമാക്കാനാവാത്ത പ്രകൃതി ദൃശ്യങ്ങൾ, അനുഭവങ്ങളായും, അസന്തുഷ്ടികരങ്ങളായും നിലനിന്നപ്പോൾ മനസ്സ് അഥവാ ഇച്ഛാശക്തിയെ ക്രമപ്പെടുത്തി, പ്രതിഭാസങ്ങളിൽ ആരോപിച്ചു. ആരോപണ പ്രത്യാരോപണങ്ങളുടെ സമതുലനാവസ്ഥയിൽ അതീന്ദ്രിയജ്ഞാനത്തിന്റെ ആദ്യതലം പ്രകടമാകുകയും പ്രബലപ്പെടുകയും ചെയ്തു. അംഗചലനത്തിലും, ഉച്ചാരണശബ്ദങ്ങളിലും, അത്ഭുത ആശയങ്ങളിലും ആദിമ താന്ത്രികത രൂപപ്പെട്ടുവെന്നാണ് വിശ്വാസം. താന്ത്രികതയുടെ സമകാലികചരിത്രത്തിൽവരെ, ആദിമതന്ത്രശാസ്ത്രത്തിന്റെ അവസ്ഥാ വ്യത്യസ്തതകൾ ദർശിക്കപ്പെടുന്നുണ്ട്.

ബി.സി. 5000നും 3000നു ഇടയിൽ തന്ത്രത്തിന് വർദ്ധിച്ച തോതിൽ പ്രചാരമുണ്ടായി. ഗോത്രവിശ്വാസഗതിയിൽ പ്രകൃതിശക്തികളോടുള്ള ആദിമജനതയുടെ സമീപനത്തിന്റെ വൈവിദ്ധ്യതയിൽ ഉടലെടുത്ത വൈചിത്ര്യതകൾ താന്ത്രിക ഘടനയുടെ സങ്കൽപ്പബോധത്തിന്റെ അകപ്പൊരുളുകളായി വർത്തിക്കുന്നു. വൃഷ്ടിബോധവിശ്വാസങ്ങൾക്കുപരിയായി പഞ്ചഭൂതാത്മകമായ പ്രപഞ്ചനിർണ്ണയത്തെക്കുറിച്ചുള്ള വ്യാകുലകളിൽ രൂഢമായ ചിന്താശക്തി ആരാധനയിലേക്കും, അതുവഴി ആത്മീയതയിലേക്കും ഗോത്രസംസ്കൃതിയെ എത്തിച്ചു.

ജലം, ഭൂമി, ആകാശം, വായു, അഗ്നി എന്ന പഞ്ചഭൂതഘടനയെ, അതിന്റെ ദൈവിക പരിവേഷത്തിനു പുറത്തുള്ള കണ്ടെത്തലുകളായി സമീപിക്കുകയായിരുന്നു ആദ്യം. പിന്നീട് ജലത്തെ, വൃഷ്ടി എന്ന പ്രകൃതിയാഥാർത്ഥ്യവുമായി ബന്ധപ്പെടുത്തി, അനിയന്ത്രിതമായ സങ്കൽപ്പസാന്നിദ്ധ്യമാക്കി ആദരിച്ചു. ഇതിനൊപ്പം തന്നെ, ഭൂമി, ആകാശം, വായു തുടങ്ങിയ ഘടകങ്ങളെ അമാനുഷികമായ ചൈതന്യവിശേഷങ്ങളായി കണ്ടെത്താനും ജീവിതയാഥാർത്ഥ്യങ്ങളുമായി അവയെ ബന്ധപ്പെടുത്തുവാനും തുടങ്ങി. ഇതിൽ അഗ്നിയെ ആദ്യം വിഹ്വലതയോടെ സമീപിക്കുകയും, ക്രിയകളിലൂടെ ആചരിക്കുകയും ചെയ്തു. തന്ത്രശാഖ അതിന്റെ ദർശന വിശേഷങ്ങളുമായി ചേർക്കപ്പെട്ടപ്പോൾ തത്ത്വവാദവും, ദർശന ചിന്തയും അഗ്നിയിലൂടെ രൂഢഭാവത്തിൽ ചേർക്കപ്പെടുന്നത് വേദകാലത്തെ പോലെ, സമീപകാലത്തും ഏക പ്രാധാന്യത്തോടെ നിലനിൽക്കുന്നുണ്ട്. ഇങ്ങനെ ഓരോ പ്രകൃതി പ്രതിഭാസങ്ങളോടുമുള്ള ഭയം പിന്നീട് ആരാധനഘടകങ്ങളായി തന്ത്രശാസ്ത്രത്തിൽ വിവരിക്കപ്പെട്ടിരുന്നു.

പാരസ്പര്യ വ്യാവഹാരികബന്ധങ്ങളെ യോജിപ്പിക്കുന്നതിന് വേണ്ടി പ്രകൃത്യാ ഉരുത്തിരിഞ്ഞു വന്ന അംഗചലനങ്ങൾ പരിവർത്തനപ്പെട്ട് തന്ത്രശാസ്ത്ര

പ്രത്യേകതകളായ 'മുദ്ര'കളായി മാറി. മുഷ്ടി, അംഗുലിക്രിയകൾ തുടങ്ങിയവ പിന്നീട് ഉപേക്ഷിക്കാൻ സാധിക്കാത്ത താന്ത്രിക പ്രതീകങ്ങളായി പരിണമിച്ചു. ഇതിനൊപ്പം ആശയവിനിമയ സംവിധാനങ്ങളായിരുന്ന ശബ്ദ സന്നിവേശങ്ങൾ മന്ത്രോപരി പ്രധാനങ്ങളായ് ബീജശക്തികളായി മാറി. ഇവ 'ബീജമന്ത്ര'ങ്ങളായി ഘടനവത്ക്കരിച്ച്, അവയ്ക്ക് മന്ത്രപ്രധാനങ്ങളായ ദേവതാവസ്ഥകളുമായി ചാർച്ച യുണ്ടായി. ഹ്രീം, ക്ലീം, സൗം, ശ്രീ തുടങ്ങിയ നിരവധി ബീജാക്ഷരങ്ങൾ തന്ത്രശാഖയിലുണ്ട്.

തന്ത്രശാസ്ത്രത്തിൽ ദേവതാവസ്ഥകളുടെ ദ്വന്ദ പരികല്പനകളിലൂടെ, (പ്രകൃതി/ പുരുഷൻ, ദേവൻ/ദേവി) അഭൗമ ബോധത്തെ വ്യാഖ്യാനിക്കുകയും, അവയ്ക്ക് വിശ്വാസ വ്യാകരണം സൃഷ്ടിക്കുകയും ചെയ്തു. ഇത് വ്യഷ്ടി-സമഷ്ടി ബോധത്തിലുപരിയായി ലിംഗഭിന്നതയിൽ വിലീനമാവുകയും, അതിൽ ആത്മ ബോധനത്തിന്റെ 'സംഭൂതി' തത്ത്വങ്ങൾ ചേർത്ത് വെച്ച് സൗന്ദര്യാത്മകതയുടേതായ രാഷ്ട്രീയം രചിക്കുകയും ചെയ്തു. അങ്ങനെയാണ് തന്ത്രശാസ്ത്രം ക്രമീകൃതമായ അനുഷ്ഠാന ഘടനയായി പുനർനിർണ്ണയിക്കപ്പെട്ടത്.

ആദ്യ ശൈവഗോത്രസങ്കൽപ്പവും, ശാക്തേയ ആരാധനാ ചിന്തയും ചേർന്ന് ഒരു ദ്രാവിഡ താന്ത്രികത ഉരുത്തിരിഞ്ഞു. പ്രബലമായ വൈദിക സംസ്കൃതിയിൽ ഋക്കുകളിൽ വിവരിക്കുന്ന ശിവ സങ്കൽപ്പത്തിന്റെ ആദിമ പ്രഭാവം ശൈവ ഗോത്രിയതയിൽ വിലയിച്ചിട്ടുണ്ട്. ഇത് ശൈവ-ശാക്തേയ ദ്വന്ദ പരികൽപ്പനയിലൂടെ വികാസം പ്രാപിച്ചു. സ്ത്രീ - പുരുഷ/പ്രകൃതി - പുരുഷ ഘടനയുടെ യോജ്യതയിൽ പ്രപഞ്ചത്തിന്റെ പ്രഥമഘടന ഊർജ്ജപ്പെടുന്നുവെന്ന കണ്ടെത്തലിലൂടെയാണ് ആദിമ താന്ത്രികത വികസിതമായത്. ഇതുകൊണ്ട് തന്നെയാണ് മന്ത്ര ദീക്ഷാ ചടങ്ങിന് സ്ത്രീ - പുരുഷഭേദം കൽപ്പിക്കാതിരുന്നതും.

സ്ത്രീ-പുരുഷ ബന്ധത്തിന്റെ പാരമ്യതയിലാണ് ലോകത്തിന്റെ നിലനിൽപ്പ് എന്ന വാസ്തവികത, തന്ത്രത്തിന്റെ സൂക്ഷ്മാംശത്തിൽ ചേർന്നിരുന്നു. അതുവഴി ജൈവ സവിശേഷതയുമായി സമരസപ്പെടുത്തി പ്രകൃതിയുമായി ചാർച്ച വരുത്തുകയുമാണ് ആദിമ താന്ത്രികർ ചെയ്തത്. ഈ ദ്വന്ദ പരികൽപ്പന മന്ത്രോച്ചാരണം മുതൽ ഉപാസനാനിഷ്ഠമായ ആചരണവിധികളിലും, സാധനയിലും, അനുഭൂതിനിഷ്ഠവുമായ പര്യാലോചനകളിലും നിലനിന്നിരുന്നു. 'മൂർത്തി' എന്ന അഭിസംബോധന ആവാഹനാ വിധികളിൽ സ്ത്രീ - പുരുഷഭേദങ്ങൾക്കൊരുപോലെ ഉപയോഗിക്കുന്നു. 'ദേവത', എന്ന പദവും ഇതേ ഉദ്ദേശത്തിലുപയോഗിക്കുന്നു. ശക്തി സ്ത്രീലിംഗവാചിയും ശിവൻ പുല്ലിംഗ ശബ്ദവുമാണ്. ബ്രഹ്മത്തിന്റെ വ്യഷ്ടി പരിഗണനയിൽ ലിംഗഭേദം കൽപ്പിച്ച് മാനുഷിക പരികൽപ്പനയിലെ നൈസർഗ്ഗികതയിലേക്ക് എത്തുന്നതു വഴി ജൈവപരമായ സൂക്ഷ്മബന്ധവും മാനവീകരണവും തന്ത്ര

ശാസ്ത്രം എടുത്തു കാട്ടുന്നുണ്ട്. തന്ത്രശാസ്ത്രത്തിന്റെ ആചരണവിധികളിലും ക്രിയാമാർഗ്ഗങ്ങളിലും ഈ ബോധനം ഉൾച്ചേർന്നിരിക്കുന്നു.

ആര്യ കേന്ദ്രീകൃതമായ വൈദിക സംസ്കാരം സമൂഹത്തിന്റെ അടിത്തട്ടി ലേക്ക് ഇറങ്ങിച്ചെല്ലാതിരുന്ന്, ശുദ്ധാശുദ്ധങ്ങൾ നിർവ്വചിച്ചു. ഇത് തന്ത്രത്തിന് ബഹുജനപങ്കാളിത്തം ലഭിക്കാതിരിക്കാൻകാരണമായി. വൈദികതയിലുള്ള ആചര ണവിധിയിൽ തന്ത്രശാസ്ത്രത്തിലും നിലനിൽക്കുന്നുണ്ട്.

''വൈദികീ താന്ത്രികീചൈവ
ദ്വിവിധാ ശ്രുതിരീതിത'' (കല്ലുകഭട്ടൻ)

വൈദികമെന്നും താന്ത്രികമെന്നും ശ്രുതി രണ്ടുവിധമുണ്ടെന്ന് കല്ലൂകഭട്ടൻ പറയു ന്നു. തന്ത്രം യഥാർത്ഥത്തിൽ തത്ത്വജ്ഞാനം മൂർത്തീ രൂപത്തിൽ (അഥവാ അവസ്ഥാഭേദത്തിലൊ, സഗുണഭാവത്തിലൊ) ആക്കിയതാണെന്നും, ആദ്ധ്യാത്മിക കാര്യങ്ങൾ മനസ്സിലാക്കുവാൻ എല്ലാ മന്ത്രങ്ങളിലും തന്ത്രഭാഗത്തിന്റെ ആവശ്യമു ണ്ടെന്നും സ്വാമി വിവേകാനന്ദൻ പറയുന്നുണ്ട്. (വിവേകാനന്ദ സാഹിത്യ സർവ്വ സ്വം)

ആദിമ ദ്രാവിഡ സങ്കൽപ്പത്തിലെ താന്ത്രികതയിൽ, പിന്നീട് ആര്യതാന്ത്രിക സങ്കൽപ്പം കുടിയേറുകയും താന്ത്രികത ആര്യ വിഭാഗത്തിന്റെ മാത്രമെന്ന പൊതു ധാരണ മനഃപൂർവ്വം ഉയരുകയും ചെയ്തു. അങ്ങനെയാണ് താന്ത്രികമതം വരേണ്യ വിഭാഗത്തിന്റേതെന്ന സങ്കൽപ്പം ഉടലെടുത്തത്. എന്നാൽ പിന്നീട് താന്ത്രികമത ത്തിന്റെ വികാസത്തിലൂടെ ബ്രാഹ്മണ കേന്ദ്രീകൃതം മാത്രമല്ല തന്ത്രമെന്ന ചിന്ത ഈശാസ്ത്രത്തിന് പൊതു ഇടങ്ങളിൽ തക്കതായ സ്ഥാനം നൽകി. ഏതു വിഭാഗ ത്തിൽപ്പെട്ടവർക്കും താന്ത്രിക വിദ്യ അഭ്യസിക്കാമെന്നും, അത് ജീവിതത്തിൽ ഔദ്യോഗികതയ്ക്കും, ധിഷണോത്ക്കർഷത്തിനും പര്യാപ്തമാണെന്നുള്ള ധാരണ സ്ഥിരപ്പെട്ടു. ഏതൊരാൾക്കും തന്ത്രം അഭ്യസിക്കാമെന്ന അറിവിലേക്ക് ഇത് സമൂ ഹത്തെ എത്തിച്ചു.

സങ്കൽപ്പശാസ്ത്രമെന്ന പൊതുധാരണയുണ്ടെങ്കിലും മാനവികമൂല്ല്യങ്ങൾക്കും ജീവിതചര്യകൾക്കും സമൂഹ സംബന്ധിയായ മറ്റ് ഘടകങ്ങൾക്കും പഠനങ്ങൾക്കും തന്ത്രശാസ്ത്രം ഏറെ സഹായിക്കുന്നുവെന്ന വിശാലവീക്ഷണത്തിലാണ് ഈ ശാസ്ത്രത്തെ ആധുനികർ സമീപിക്കുന്നത്.

തന്ത്രം, ശിവ-ശക്തി ചേർച്ചാസങ്കൽപ്പത്തെ ദർശനാത്മകമായി വിലയിരു ത്തുകയും സമീപിക്കുകയും ചെയ്തു. മൈഥുനം പ്രാപഞ്ചികസ്ഥിതിയുടെ സത്ത യാണെന്ന വിചാരത്തിൽ നിന്നാണ് ഇതുടലെടുത്തത്. പഞ്ച 'മ'കാര പൂജയിൽ ഉൾപ്പെടുത്തിയ അഞ്ചു ഘടകങ്ങളിലൊന്നായ മൈഥുനം ജീവ-പരമാത്മ സങ്കൽപ്പ

നങ്ങളുടെ ലയമാണ്. മന്ത്രജപത്തിന്റെ ശബ്ദഗതികളുമായി ബന്ധപ്പെടുത്തി ശങ്കരാചാര്യർ മൈഥുനത്തെ വ്യാഖ്യാനിക്കുന്നുണ്ട്. മന്ത്രത്തിന്റെ സൃഷ്ടി ഉണ്ടാകുന്നത് ചുണ്ടുകൾ തമ്മിലുള്ള ചലനവും സംയോജനവും വഴിയാണ്. ഇത് ദർശനാത്മകമായ മൈഥുന സങ്കൽപ്പമാണ്. ചൈനീസ് ബുദ്ധതാന്ത്രികതയും സൃഷ്ട്യന്മുഖമായ മൈഥുന സങ്കൽ പ്പനത്തെ വിവരിക്കുന്നുണ്ട്. 'യാങ്' എന്ന പുരുഷ ശക്തിയും യിൻ എന്ന സ്ത്രീ ശക്തിയും ചേരുമ്പോൾ വ്യക്തി സൃഷ്ടി മാത്രമല്ല, പ്രപഞ്ചത്തിന്റെ തന്നെ ജനനപ്രക്രിയ നടക്കുന്നുവെന്ന് അവർ വിശ്വസിക്കുന്നു. സ്ത്രീ-പുരുഷ, ശക്തി-ശിവ സംഗമം കൊണ്ട് പ്രപഞ്ചഗതി രേഖീയമായി മുന്നോട്ടു എഴുതപ്പെടുന്നുമെന്ന് ഇവർ കരുതുന്നുണ്ട്.

സൗന്ദര്യലഹരി വ്യാഖ്യാനത്തിൽ 'കാമബീജ'ത്തെ ധ്യാനിച്ച് സൂക്ഷ്മ ദർശനം സാധ്യമാക്കണമെന്ന് പറയന്നു. 'കാമശക്ത'പദം ഇഷ്ടം അഥവാ താത്പര്യാർത്ഥ വാചിയാണ്. രതി താന്ത്രികത തന്ത്രത്തിന്റെ ഒരു ഭാഗമായി നിലനിൽക്കുന്നുമുണ്ട്. ഇത് വ്യക്തിയിൽ തന്നെയുള്ള സ്ത്രൈണ പുരുഷബോധത്തെ ഏകീകൃതാവസ്ഥയിൽ ലയിപ്പിക്കുകയെന്ന തത്ത്വത്തിൽ സ്ഥിതിചെയ്യുന്നു. സ്വത്വ/കേന്ദ്രീകൃതവും മൂല്ല്യവത്തും, വ്യക്തിനിഷ്ഠാപൂർണ്ണവുമായ സ്വഭാവ ഘടന വേർതിരിച്ചെടുക്കുന്നതിനുള്ള വഴി കൂടിയാണ്.

തന്ത്രശാസ്ത്രം പലപ്പോഴായി വിവിധ ശാസ്ത്രശാഖകളുമായി ചേർന്ന് പരിവർത്തനവിധേയമാവുകയും, അതിൽ നവീനമായ ആശയങ്ങൾ ചേരുകയും ചെയ്തു. ദർശനങ്ങളും, സംസ്ക്കാരങ്ങളും സ്വീകരിച്ച് സ്വയം മാറാൻ തന്ത്രത്തിന് കഴിയുന്നു. പ്രാകൃതമായ ചുറ്റുപാടിൽ രൂഢമാക്കപ്പെട്ട ദ്രാവിഡ താന്ത്രികത പിന്നീട് സംസ്ക്കരിക്കപ്പെടുന്നതായി താന്ത്രിക ചരിത്രം പരിശോധിച്ചാൽ മനസ്സിലാക്കാം. വൈദിക മതത്തിലെ ചില ബാഹ്യാംശങ്ങളെ സ്വാംശീകരിച്ചതിനാലും, സാധാരണക്കാർക്ക് സമീപിക്കുന്നതിന് സാങ്കേതിക തടസ്സങ്ങൾ നിലനിന്നിരുന്നതിനാലും വരേണ്യ വിഭാഗത്തിലേക്ക് തന്ത്രമതം ഒതുങ്ങിയിരുന്നു. ഭയം/ ശുദ്ധം/ വർഗ്ഗം/ ലിംഗം/ നിലനിൽപ്പ് തുടങ്ങി നിരവധി ഘടകങ്ങൾ സാധാരണക്കാർക്കും തന്ത്രശാസ്ത്രത്തിനുമിടയിൽ നിലനിന്നിരുന്നു. ഇത് താന്ത്രികമായ ആചരണങ്ങളുമായി തുറന്ന സമീപനം നടത്തുവാൻ തടസ്സമായി നിന്നു. എന്നാൽ നിഷ്ഠാപൂർണ്ണതയാണ് തന്ത്രത്തിന് 'അധികാരി'യെ (കർമ്മത്തിന് യോഗ്യത) നിർണ്ണയിക്കുന്നതെന്ന ധാരണ സമകാലികതയിൽ ഏറെ ചർച്ച ചെയ്യപ്പെടുന്നുണ്ട്.

'കുഴിക്കാട്ടുപച്ച' കേരളത്തിലെ തന്ത്രിമാരുടെ ഇടയിൽ പ്രചാരത്തിലുള്ള താന്ത്രികഗ്രന്ഥമാണ്. ആലുവ തന്ത്രവിദ്യാപീഠം ഉൾപ്പെടെ താന്ത്രികവിദ്യാകേന്ദ്രങ്ങളിൽ ഈ ഗ്രന്ഥം പ്രധാനമായും പഠിപ്പിക്കുന്നു. ഒരു തന്ത്രി അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ സവിസ്തരം ഗ്രന്ഥത്തിൽ പ്രതിപാദിക്കുന്നുണ്ട്.

പ്രാചീനവും, പ്രസിദ്ധവുമായ 'തന്ത്രസമുച്ചയം' എന്ന സംസ്കൃത താന്ത്രികഗ്രന്ഥത്തിന്റെ പരാവർത്തന ഗദ്യകൃതിയാണ് 'കുഴിക്കാട്ടുപച്ച'. ഇത് എഴുതിയിരിക്കുന്നത് കുഴിക്കാട്ടില്ലത്ത് മഹേശ്വരൻ ഭട്ടതിരിപ്പാടാണ്. കൊല്ലവർഷം 97(1795)-ാമാണ്ടിൽ ആലപ്പുഴ ജില്ലയിലെ തിരുവല്ലാ താലൂക്കിൽ തുകലശ്ശേരി കരയിൽ കുഴിയ്ക്കാട്ട് ഇല്ലത്തായിരുന്നു അദ്ദേഹത്തിന്റെ ജനനം. 'തന്ത്രസമുച്ചയം, ശേഷസമുച്ചയം' എന്നീ താന്ത്രിക ഗ്രന്ഥങ്ങൾക്ക് അദ്ദേഹം ഭാഷാ വ്യാഖ്യാനങ്ങളെഴുതിയിട്ടുണ്ട്. 'തന്ത്രസമുച്ചയാർത്ഥം താത്പര്യം', 'ജീർണ്ണോദ്ധാരണം' എന്നീ രണ്ട് ഗ്രന്ഥങ്ങളും പൂർത്തീകരിച്ചു. ജ്യോതിശ്ശാസ്ത്രത്തിലും അഗാധപാണ്ഡിത്യമുണ്ടായിരുന്ന ഇദ്ദേഹം ഗ്രന്ഥങ്ങളുടെ ഗതിവിഗതികളെ മനസ്സിലാക്കാൻതിന് 'ഗോളം കെട്ടുക' എന്നതിനായി ഒരു ഉപകരണം നിർമ്മിച്ചിരുന്നു. ലക്ഷം ഗ്രന്ഥമെഴുതിയാളെന്നും, ലക്ഷം പണം സമ്പാദിച്ചയാളെന്നും മഹേശ്വരൻ ഭട്ടതിരി അറിയപ്പെട്ടു. 'ഗ്രന്ഥമെന്നത് മുപ്പത്തിരണ്ടക്ഷരങ്ങൾ' അടങ്ങിയതാണ്. മുപ്പത്തിരണ്ട് ലക്ഷം അക്ഷരങ്ങളടങ്ങിയ കൃതികളുടെ രചയിതാവാണദ്ദേഹമെന്നു സാരം. കുഴിക്കാട്ടുപച്ചയിൽ അവതാരികാരൂപത്തിൽ 'തന്ത്രസമുച്ചയ'ത്തിലെ അഞ്ചുശ്ലോകങ്ങൾ ചേർത്ത് വ്യാഖ്യാനം എഴുതിയിട്ടുണ്ട്. 1040 (1865)ാംമാണ്ട് മിഥുന മാസത്തിൽ അദ്ദേഹം അന്തരിച്ചു. കുഴിക്കാട്ടു കുടുംബം ഇന്നും താന്ത്രികവൃത്തി അനുഷ്ഠിക്കുന്നു.

കുഴിക്കാട്ടുപച്ച പ്രസിദ്ധീകരിച്ചത് 1974-ൽ തൃശൂർ കുന്ദകുളം പഞ്ചാംഗം പുസ്തശാലയും. പ്രസിദ്ധീകരണത്തിനാവശ്യമായ കൈയ്യെഴുത്തുപ്രതി കാസർഗോഡുള്ള 'ഉബരംഗളം ദീനമ്പാടി സൂബ്ബരായ തന്ത്രി'യുടേതുമാണ്.

'തനി' എന്ന അർത്ഥത്തിൽ 'പച്ച'യെന്ന പദം ഉപയോഗിക്കാറുണ്ട്. തനി മലയാളത്തിൽ എഴുതിയ ഗ്രന്ഥമാണ് 'കുഴിക്കാട്ടുപച്ച', 'ചെറുമുക്കിൽ പച്ച', 'കഴിഞ്ഞിക്കര പച്ച' എന്നീ വേദഗ്രന്ഥങ്ങളും പച്ചമലയാളത്തിൽപ്പെടുന്നു. മലയാളഭാഷയിൽ നിലനിന്നിരുന്ന രചനാരീതിയായിരുന്നു പച്ചമലയാളപ്രസ്ഥാനം, പച്ചമലയാള രീതിയിൽ, കുഴിക്കാട്ടില്ലത്തെ അംഗം, രചിച്ചിരിക്കുന്നതുകൊണ്ടാണ് 'കുഴിക്കാട്ടു പച്ച' എന്ന പേര് ഗ്രന്ഥത്തിനുണ്ടായത്. ഗദ്യരീതിയിലുള്ള രചനയിൽ ധാരാളം സംസ്കൃതപദങ്ങളും, നാമങ്ങളും ധാരാളം കണ്ടുവരുന്നുണ്ട്. 'ഭാഷ' എന്നതിന്റെ പ്രാകൃതരൂപമാണ് 'പച്ച'. അതുകൊണ്ടു തന്നെ മലയാളത്തിന്റെ സത്ത വിട്ടുമാറാത്ത രചനയെന്ന് ഈ കൃതിയെ കരുതിയാൽ മതി.

പടലങ്ങളായിട്ടാണ് കുഴിക്കാട്ടുപച്ചയിൽ അദ്ധ്യായങ്ങളെ വിഭജിച്ചിരിക്കുന്നത്. പതിനഞ്ചു പടലങ്ങളാണിതിലുള്ളത്. ആചാര്യവരണം, ശിലാപരിഗ്രഹം, പ്രാസാദലക്ഷണം, ഗർഭഗൃഹലക്ഷണം, ശിവലിംഗലക്ഷണം, അർച്ചന, ബിംബങ്ങൾ, വാസ്തുഹോമം, മണ്ഡപസംസ്ക്കാരം, ധ്വജസ്ഥാപനം, ദേവതാന്ത്രിക്രിയ

കൾ, ദേഹശുദ്ധി, പരിഹോമം, ജീവാഹന, മന്ത്രം, മാതൃപ്രതിഷ്ഠ, പഞ്ചബ്രഹ്മപൂജ, പത്മങ്ങൾ, കലശങ്ങൾ, ഉത്സവനവീകരണ പ്രായശ്ചിത്തം, സ്ഥലങ്ങൾ, ചതുഃശുദ്ധി, ധാര, പഞ്ചകം, മഹാപഞ്ചകം, വിവിധ ഹോമങ്ങൾ, ദ്രവ്യദോഷപ്രായശ്ചിത്തം, നാഢീബന്ധനം, ബഹുവേരജീർണ്ണോദ്ധാരണം, നിധികലശാദി ലക്ഷണം, ഇഷ്ടകാ ലക്ഷണം, പാലികാ ലക്ഷണം, അംഗമുദ്രാദികൾ, പുണ്യാഹം, ഹോമസൂക്തങ്ങൾ, ശിവസങ്കൽപ്പം, കലശസംഘാതം, കുണ്ഡങ്ങൾ - പാലിക എന്നീ കാര്യങ്ങൾ സവിസ്തരം ഇതിൽ പ്രതിപാദിക്കുന്നു.

തന്ത്രശാസ്ത്രത്തിലെ ഓരോ കർമ്മങ്ങളും ചില ദർശനങ്ങളെ മുൻനിർത്തി രൂപീകരിച്ചിട്ടുള്ളതാണ്. ഇവ പ്രധാനമായും ഈശ്വരനെ അടുത്തറിയുന്നതിനും, അതുവഴി ജീവിതനിലവാരം ഉയർത്തുന്നതിനുമായി ക്രിമീകരിച്ചിരിക്കുന്നു.

ക്ഷതങ്ങളിൽനിന്നും ത്രാണനംചെയ്യുന്നത് അഥവാ വീഴ്ചകളിൽനിന്ന് സംരക്ഷണം നൽകുവിശ്വാസ ഇടങ്ങളാണ് ക്ഷേത്രങ്ങളെന്ന് തന്ത്രശാസ്ത്രം പറയുന്നു. ക്ഷേത്രത്തിലെ ഓരോ ഘടകവും പ്രത്യേകങ്ങളായ സങ്കല്പ്പങ്ങളെ മുൻനിർത്തി പണി തീർന്നിട്ടുള്ളതാണ്. കർമ്മയോഗം, ഭക്തിയോഗം, ജ്ഞാന യോഗം എന്നിവ ചേർന്നതാണ് താന്ത്രിക ക്രിയകളെല്ലാം. ഇതിനായുള്ള സാധനകളാണ് കുഴിക്കാട്ടുപച്ച ഉൾപ്പെടെയുള്ള താന്ത്രിക ഗ്രന്ഥങ്ങളിലുള്ളത്.

തത്ത്വങ്ങളും മന്ത്രങ്ങളും ഭൗതികജീവിതത്തെ തരണംചെയ്യാനുള്ളതാടംന്നാണ് വിശ്വാസം. സർവ്വവസ്തുക്കളിലും അന്തർലീനമായിരിക്കുന്ന ഗൂഢമായ പ്രപഞ്ചശക്തിയാണ് കുണ്ഡലിനി. ഈശ്വരശക്തിയുടെ പ്രതിരൂപമായി മനുഷ്യശരീരത്തിലിത് നിലകൊള്ളുന്നു. തന്ത്രസാധനകൾ യഥാവിധി നിർവ്വഹിച്ച് മനസ്സ് ഏകാഗ്രമാകുമ്പോൾ ശരീരത്തിനുള്ളിൽ പ്രാണസഞ്ചലനം സംഭവിക്കുന്നു. ഇതാണ് കുണ്ഡലിനീയോഗം. ഇതിന്റെ ഉത്ഥാപനമാണ് തന്ത്രത്തിന്റെ അടിസ്ഥാനം.

കുഴിക്കാട്ടുപച്ചയിലെ പ്രയോഗങ്ങളെല്ലാം പ്രാചീനകാലം മുതലെ തന്ത്രിമാർ അനുഷ്ഠിച്ചുവരുന്നു. ഈ ക്രിയകൾക്കെല്ലാം ദർശനപരമായ സവിശേഷതയുണ്ട്. ക്രിയകളുടെ രീതിയ്ക്കും, മുറയ്ക്കും ആത്മീയപരമായ അടിത്തറയാണുള്ളത്.

തന്ത്രമതത്തിന് ശാസ്ത്രീയമായ അടിത്തറയുണ്ട്. വേദവിധിപ്രകാരമുള്ള യാഗാദികൾ ചുരുങ്ങിയെങ്കിലും തന്ത്രശാസ്ത്രം ഇന്നും പ്രസക്തിയോടെ നിൽക്കുന്നു. ക്ഷേത്രങ്ങളുമായി ബന്ധിപ്പിച്ചുകൊണ്ടാണ് പ്രധാനമായും തന്ത്രശാസ്ത്രം വികസിച്ചത്. ക്ഷേത്രോപജീവികളായ വ്യക്തികൾ ഉപജീവനം എന്ന നിലയ്ക്കും ‘തന്ത്ര’ത്തെ സംരക്ഷിക്കുന്നു.

വേദകാലം മുതലേ ഗുരു ചൊല്ലിയതുകേട്ടാണ് ശിഷ്യർ മനസ്സിലാക്കിയിരുന്നതും, പഠിച്ചതും, എന്നാൽ ആധുനികകാലത്ത് ഏതു കാര്യങ്ങളും വ്യക്തത

യോടെ പഠിക്കണമെങ്കിൽ ഗ്രന്ഥങ്ങൾ കൂടിയേ തീരൂ. എഴുത്തോലകളിൽ രേഖപ്പെടുത്തിയിരുന്ന നിരവധി താന്ത്രികഗ്രന്ഥങ്ങൾ അച്ചടിച്ചു തുടങ്ങിയിട്ടുമുണ്ട്. താന്ത്രികമാർഗ്ഗങ്ങളെ അടുത്തറിയാൻ താത്പര്യമുള്ളവർക്ക് ഇതൊരു സഹായമാണ്.

'കുഴിക്കാട്ടു പച്ച' താന്ത്രികഗ്രന്ഥം എന്നതിലുപരി ഒരു സംസ്ക്കാരത്തിന്റെ പ്രതീകം കൂടിയാണ്. പ്രാചീനകാലത്ത് 'തന്ത്രസമുച്ചയ'മെന്ന സംസ്കൃത താന്ത്രികഗ്രന്ഥമായിരുന്നു തന്ത്രിമാർ ഉപയോഗിച്ചിരുന്നത്. എന്നാൽ പിന്നീട് സംസ്കൃതമറിയാത്ത സാമാന്യക്കാർക്കും, ഗുരുവിന്റെ സഹായമില്ലാത്തവർക്കും 'തന്ത്രസമുച്ചയം' വഴിയുള്ള അനുഷ്ഠാനനിർവ്വഹണം എളുപ്പമല്ലാതായി തീർന്നു. ഇത് പരിഹരിക്കാൻ 'കുഴിക്കാട്ടുപച്ച'ക്ക് കഴിഞ്ഞിട്ടുണ്ട്. തന്ത്രം അഭ്യസിക്കുന്നവർക്കും, മനസ്സിലാക്കാൻ താത്പര്യമുള്ളവർക്കും ഒരു റഫറൻസ് പോലെ പ്രസ്തുത ഗ്രന്ഥം ഉപയോഗിക്കാം.

അനാവശ്യമായി രചനാഭാഗം സ്ഥൂലമാക്കാതെ, മികച്ച രീതിയിൽ താന്ത്രികത അവതരിപ്പിക്കുവാൻ രചയിതാവിന് കഴിഞ്ഞു. പദങ്ങൾ ചേർത്തിരിക്കുന്ന രീതിയിലും വാക്യത്തിന്റെ അർത്ഥവികാസത്തിലും, അനുഷ്ഠാനക്രിയകൾ ക്രമപ്രകാരം വിവരിക്കുന്നിടത്തും പഠിതാക്കൾക്ക് ഒരു സംശയത്തിനും ഇടവരുന്നില്ല. ലളിതമായ രചനാരീതിക്കൊപ്പം തന്നെ, പ്രൗഢമായ പദചേർച്ചയുമുണ്ട്. മന്ത്രങ്ങളും, ക്രിയകളും പൂർണ്ണരൂപത്തിൽ പടലസമ്പ്രദായത്തിൽ എഴുതിവെക്കുകയാണ് കുഴിക്കാട്ടുപച്ചയിൽ ചെയ്തിരിക്കുന്നത്.

കുഴിക്കാട്ടുപച്ചയുടെ രചന പച്ചമലയാളത്തിന്റെ പ്രാരംഭദശയായി കാണാവുന്നതാണ്. ഗ്രന്ഥകാരന്റെ കാലഘട്ടത്തിലും രചനാപ്രത്യേകതകളെ മനസ്സിലാക്കുന്നതിന് പ്രസ്തുത ഗ്രന്ഥം സഹായിക്കും. തന്ത്രശാസ്ത്രത്തെ മറ്റ് ശാസ്ത്രങ്ങളും പുരാണങ്ങളുമായി ബന്ധിപ്പിച്ചുകൊണ്ടുള്ള അന്തർവൈജ്ഞാനിക പഠനരീതി ഇപ്പോൾ നടക്കുന്നുണ്ട്. കൂടാതെ യോഗശാസ്ത്രവും തന്ത്രശാസ്ത്രവും തമ്മിലും അഭേദ്യമായ ബന്ധമുണ്ട്. ഭാഗവതം, ശിവപുരാണം, സ്കന്ദപുരാണം തുടങ്ങിയവയിലെല്ലാം തന്ത്രശാസ്ത്രത്തിന്റെ പ്രാധാന്യം വ്യക്തമാക്കിയിരിക്കുന്നു. കുഴിക്കാട്ടുപച്ചയിൽ പറഞ്ഞ രീതിയിലുള്ള പൂജാവിധികളാണ് ഭാഗവതത്തിൽ ഉദ്ധവഉപദേശഭാഗത്ത് ചേർത്തിരിക്കുന്നത്. താന്ത്രിക ഉപാസനയിലൂടെ ഭക്തൻ, നരത്വത്തിൽ നിന്ന് ദ്വിജത്വത്തിലെത്തുമെന്നും ഇതിൽ സൂചിപ്പിക്കുന്നു. രാമായണത്തിലും ശ്രീരാമൻ അനുജനായ ലക്ഷ്മണന് പൂജാവിധികളും താന്ത്രികധർമ്മങ്ങളും ഉപദേശിക്കുന്നുണ്ട്. 'ക്രിയാമാർഗ്ഗോപദേശം' എന്ന ഭാഗത്താണിത് ചേർത്തിരിക്കുന്നത്. ബ്രാഹ്മണ്യം, കർമ്മംകൊണ്ടാണ് ആർജ്ജിക്കേണ്ടത്. തന്ത്രശാസ്ത്രപഠനത്തിന് താത്പര്യവും കർമ്മവാസനയുമാണ് പ്രധാനം.